"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - മലപ്പുറം, അറയ്ക്കൽ എം.എ.എം.യു.പി സ്കൂളിലെ യു.പി.എസ്.റ്റി ശ്രീമതി പ്രസീത പി.കെ-യും മറ്റുള്ളവരും ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 30013/2025-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 14.08.2025 - ലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4473/2026/GEDN തീയതി,തിരുവനന്തപുരം, 04-07-2026

---

പരാമർശം:-
1. ജി.ഒ(പി)നം.12/19/എസ്.ജെ.ഡി തീയതി 31.10.2019
2. ജെ.ആർ1/502/2023/പൊ.വി.വ തീയതി 01.11.2023
3. ജി.ഒ(എം.എസ്)43/2025/പൊ.വി.വ തീയതി 17.03.2025
4. റിട്ട് ഹർജി നമ്പർ 30013/2025 - ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 14.08.2025 - ലെ വിധിന്യായം.
5. വേങ്ങര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15.11.2025 - ലെ AEOVGA/30013/2025-നമ്പർ കത്ത്.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20.11.2025 - ലെ DGE/21980/2025-E4 നമ്പർ കത്ത്.
7. 18.02.2026-ലെ സ.ഉ (കൈ) നം.31/2026/പൊവിവ

**ഉത്തരവ്**

മലപ്പുറം, അറയ്ക്കൽ എം.എ.എം.യു.പി സ്കൂളിലെ യു.പി.എസ്.റ്റി ശ്രീമതി.പ്രസീത പി.കെ-യും മറ്റുള്ളവരും ചേർന്ന് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 30013/2025-ന്മേലുള്ള പരാമർശം (4) - ലെ വിധിന്യായത്തിൽ ഹർജിക്കാർ സമർപ്പിച്ച Ext.P17 റിവിഷൻ ഹർജി Ext.P12, Ext.P13 എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഹർജിക്കാരെ നേരിൽ കേട്ട് വിധിന്യായം കൈപ്പറ്റി 4 മാസത്തിനകം തീർപ്പാക്കാൻ നിർദ്ദേശിച്ചിരുന്നു. ഹർജിക്കാരിൽ 1 മുതൽ 7 വരെയുള്ള യു.പി.എസ്.ടി അധ്യാപകരുടെ വിഷയം കൈകാര്യം ചെയ്യുന്നത് പൊതുവിദ്യാഭ്യാസ (കെ) വകുപ്പാണ്. ബഹു.ഹൈക്കോടതി നിർദ്ദേശ പ്രകാരം ഹർജിക്കാരിയുടെ പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 20.11.2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2.ഹിയറിംഗിൽ ഹർജിക്കാരിയുടെ വാദഗതികളും, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളും ചുവടെ ചേർക്കും പ്രകാരമാണ്.

## ഹർജിക്കാരിയുടെ പ്രതിനിധി

3.റിവിഷൻ ഹർജിയിലെ 8-ാമത്തെ ഹർജിക്കാരിയായ ശ്രീമതി.ശ്വേത.റ്റി. യെ വേങ്ങര വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട അറയ്ക്കൽ എം.എ.യു.പി. സ്കൂളിൽ 15.07.2021 പ്രാബല്യത്തിൽ മാനേജർ, യു.പി വിഭാഗത്തിൽ ഫുൾടൈം എൽ.ജി.(ഹിന്ദി) ടീച്ചർ തസ്തികയിൽ നിയമിച്ചു. ഇതേ സ്കൂളിൽ എൽ.ജി. ഹിന്ദി ടീച്ചറായി ജോലി ചെയ്തുവന്നിരുന്ന ശ്രീമതി.എം.സി. ഉഷ 31.05.2021 -ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിലാണ് മാനേജർ ടിയാളെ നിയമിച്ചത്. ആയതിനാൽ ഇത് റഗുലർ ഒഴിവിലെ നിയമനമാണ്. 18.11.2018 നും 08.11.2021 നും ഇടയിലുണ്ടായ ഒഴിവിലെ നിയമനങ്ങൾ മറ്റ് തരത്തിൽ ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി നിയമന മാനദണ്ഡങ്ങൾ പാലിക്കുന്നതുവരെ ശമ്പളസ്കെയിലിൽ താല്ക്കാലികമായി അംഗീകരിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം സർക്കാർ വ്യക്തമാക്കിയിരുന്നു. അപ്രകാരം ശ്രീമതി.ശ്വേത.റ്റി - യുടെ 15.07.2021 മുതലുള്ള എൽ.ജി.(ഹിന്ദി) ടീച്ചർ തസ്തികയിലെ നിയമനം ശമ്പളസ്കെയിലിൽ താല്ക്കാലികമായി അംഗീകരിച്ച് ഉത്തരവായിരുന്നതിനാൽ ടിയാളുടെ 15.07.2021 പ്രാബല്യത്തിലുള്ള വിരമിക്കൽ ഒഴിവിലെ നിയമനം ശമ്പള സ്കെയിലിൽ റഗുലർ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന കാരണങ്ങളാൽ അംഗീകരിച്ച് ഉത്തരവാകണമെന്നതാണ് Ext.P17 ഹർജിയിലെ ആവശ്യം.

(i) അറയ്ക്കൽ എം.എ.എം. യു.പി.സ്കൂളിൽ ഒരു ഫുൾടൈം ഹിന്ദി ടീച്ചർ തസ്തികയും (എൽ.ജി ഹിന്ദി ടീച്ചർ) ഒരു യു.പി.എസ്.ടി തസ്തികയും മാനേജർ ഭിന്നശേഷി നിയമനത്തിനായി മാറ്റിവെച്ചിട്ടുള്ളതും ആയത് ഭിന്ന ശേഷിക്കാർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സേഞ്ചിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ഈ വിഷയത്തിൽ ബഹു.സുപ്രീംകോടതിയുടെ Civil Appeal No.4811/2022 നമ്പർ കേസ്സിലെ 01.08.2022-ലെ വിധിന്യായത്തിലെ ഖണ്ഡിക-15 ൽ ഒരു സ്ഥാപനത്തിൽ (സ്കൂളിൽ) ആകെ ഉണ്ടാകുന്ന ഒഴിവുകളിൽ ആദ്യത്തെ തസ്തികയിൽ ഭിന്നശേഷിക്കാരിൽ തന്നെ Blind/low vision category - ൽ നിന്നും നിയമനം നടത്തേണ്ടതാണെന്നും തുടർന്നുണ്ടാകുന്ന ഭിന്നശേഷി നിയമനത്തിന്റെ ടേണുകളിൽ Hearing impairment, locomotor disability എന്നീ ക്രമത്തിൽ 3% ഒഴിവുകൾ മാറ്റി വെക്കേണ്ടതാണെന്നും ഒരു സ്ഥാപനത്തിൽ അനുവദിച്ചിട്ടുള്ള ഓരോ തസ്തികയുടെയും ടേണുകളിലല്ല ഭിന്നശേഷി നിയമനം നടത്തേണ്ടതെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്.

(ii) സാമൂഹ്യനീതി വകുപ്പിന്റെ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 4(a)-ൽ 100 ഒഴിവുകൾ നിലവിൽ വരുമ്പോൾ 4% നിയമനത്തിന് 1, 26, 51, 76 എന്നീ ടേണുകളിലാണ് ഭിന്നശേഷി വിഭാഗത്തിൽ നിന്നും നിയമനം നടത്തേണ്ടതെന്നും വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ സ്കൂളിൽ അനുവദിച്ചിട്ടുള്ള തസ്തികകളെ ഓരോ കാറ്റഗറി തിരിച്ചല്ല, മറിച്ച് ഒരു

സ്ഥാപനത്തിൽ മൊത്തം അനുവദിച്ചിരുന്ന തസ്തികകളിൽ 1, 26, 51, 76 എന്നീ ടേണുകളിലാണ് ഭിന്നശേഷി സംവരണം പാലിക്കേണ്ടതെന്നും വ്യക്തമാക്കുന്നു. ആയതിനാൽ ടി സ്കൂളിൽ 2 ഒഴിവുകൾ ഭിന്നശേഷി നിയമനാർത്ഥികൾക്കായി മാറ്റിവെച്ചിട്ടുള്ള സാഹചര്യത്തിൽ 50 - ൽ അധികം ഒഴിവുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ മാത്രമേ 51-ാമത്തെ ഒഴിവിൽ (മൂന്നാമത്തേ ടേൺ) ഭിന്ന ശേഷി നിയമനത്തിനായി മാറ്റിവെക്കേണ്ടതുള്ളു. അറയ്ക്കൽ എം.എ.എം യു.പി. സ്കൂളിൽ 1996-ന് ശേഷം 40-ൽ താഴെമാത്രമേ പുതിയ നിയമനങ്ങൾ നടത്തിയിട്ടുള്ളു. ആയതിനാൽ ലഭ്യമായ ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഭിന്നശേഷി നിയമനത്തിനായി ഇനിയും തസ്തികകൾ മാറ്റിവെയ്ക്കേണ്ടതില്ല.

(iii) നായർ സർവ്വീസ് കോർപ്പറേറ്റ് മാനേജ്മെന്റ് ബഹു.സുപ്രീംകോടതിയിൽ ഫയൽ ചെയ്ത SLP(C)No.11373/2024 നമ്പർ കേസ്സിലെ 04.03.2025-ലെ വിധിന്യായത്തിൽ, നായർസർവ്വീസ് കോർപ്പറേറ്റ് മാനേജ്മെന്റിൽപ്പെട്ട വിവിധ സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിനായി കോർപ്പറേറ്റ് മാനേജർ തസ്തികകൾ മാറ്റിവെച്ച സാഹചര്യത്തിൽ പ്രസ്തുത മാനേജ്മെന്റ് നടത്തിയ മറ്റു നിയമനങ്ങൾ അംഗീകരിക്കുന്നതിന് ഉത്തരവായിരുന്നു. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവിൽ നായർ സർവ്വീസ് കോർപ്പറേറ്റ് മാനേജ്മെന്റിൽപ്പെട്ട വിവിധ സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിനായി തസ്തികകൾ മാനേജർ മാറ്റിവെച്ചിട്ടുള്ള സാഹചര്യത്തിൽ മാനേജർ നടത്തിയ മറ്റ് നിയമനങ്ങൾ അംഗീകരിക്കുന്നതിന് ഉത്തരവായിരുന്നു. ഭിന്നശേഷി നിയമനത്തിനായി തസ്തികകൾ മാറ്റിവെച്ചിട്ടുണ്ടെങ്കിൽ എംപ്ലോയ്മെന്റ് എക്സേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളെ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിലാണ് ഇപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

## വിദ്യാഭ്യാസ ഓഫീസർമാർ

4.അറക്കൽ എം.എ.എം.യു.പി സ്കൂൾ, അറക്കൽ പുള്ളിത്തറ എ.എം.എൽ.പി സ്കൂൾ, കുണ്ടിൽപറമ്പ എ.എം.എൽ.പി സ്കൂൾ എന്നിവ ഒരേ മാനേജ്മെന്റിന് കീഴിലുള്ള സ്ഥാപനങ്ങളാണ്. സ്ഥാപനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനായി മാനേജർ സമന്വയ മുഖേന റോസ്റ്റർ സമർപ്പിക്കുകയും ആയത് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് വിട്ടു നൽകേണ്ടതുള്ള ഒരു തസ്തികയ്ക്ക് തുല്യമായി അറക്കൽ എം.എ.എം.യു.പി സ്കൂളിൽ ഉണ്ടായ ഒരു ഫുൾ ടൈം ഹിന്ദി ടീച്ചർ തസ്തിക എറണാകുളം റീജണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത തസ്തികയിൽ നാളിതുവരെ ആരും തന്നെ ജോലിയിൽ പ്രവേശിക്കുകയുണ്ടായിട്ടില്ല. നിലവിൽ മാനേജർ സമർപ്പിച്ചിട്ടുള്ള റോസ്റ്റർ പരിശോധിക്കുമ്പോൾ 07.02.1996 മുതൽ 01.06.2022 വരെ കാലയളവിലായി മൊത്തം നടന്ന നിയമനങ്ങളിൽ Category I - Primary വിഭാഗത്തിൽ നിന്നും ഒരു

തസ്തിക ഭിന്നശേഷി സംവരണത്തിനായി നീക്കിവെക്കേണ്ടതുണ്ട്. ആയതനുസരിച്ച് മാനേജർ അറക്കൽ എം.എ.എം യു.പി സ്കൂളിലുണ്ടായ ഒരു ഫുൾ ടൈം ഹിന്ദി തസ്തിക **RPWD VACANCY** ആയി നീക്കിവെച്ചിട്ടുണ്ട്.

**5.**ബഹു.ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് **13.03.2023** ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ **18.11.2018** മുതൽ **08.11.2021** വരെയുള്ള കാലയളവിൽ ഉണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് പ്രൊവിഷണൽ ആയി ശമ്പള സ്കെയിലിലും **08.11.2021**-ന് ശേഷമുണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് ദിവസ വേതനാടിസ്ഥാനത്തിലും നിയമനാംഗീകാരം നൽകാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിനാൽ നിലവിൽ **11 LPST, 11 UPST, 5 FT Arabic, 1 FT Hindi** എന്നിങ്ങനെ മൊത്തം **28** അധ്യാപകർ ഇപ്പോൾ ദിവസവേതനാടിസ്ഥാനത്തിലും താൽക്കാലിക ശമ്പള സ്കെയിലിലുമായി ജോലി ചെയ്തു വരുന്നുണ്ട്.

**6.**ബഹു.സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട **SLP(C)No.11373/2024** കേസിൽ **04.03.2025**-ന് പുറപ്പെടുവിച്ച വിധിന്യായ പ്രകാരം പുറപ്പെടുവിച്ച പരാമർശം **(3)** ഉത്തരവ് എൻ.എസ്.എസ് മാനേജ്മന്റിന് കീഴിലുള്ള സ്കൂളുകളിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിൽ ഭിന്നശേഷിക്കാരുടെ നിയമനത്തിനായി നീക്കിവെച്ചിട്ടുള്ള ഒഴിവുകൾ ഒഴികെ മറ്റുള്ള ഒഴിവുകളിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ റെഗുലർ ആയി ക്രമീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ വിധി മറ്റ് മാനേജെന്റുകൾക്ക് കീഴിലെ നിയമനങ്ങൾക്ക് കൂടി ബാധകമാക്കി കൊണ്ട് സർക്കാരിൽ നിന്നും പൊതു ഉത്തരവ് ലഭിച്ചിട്ടില്ല. കൂടാതെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട **SLP(C) No.11373/2024**-നായർ സർവ്വീസ് സൊസൈറ്റി **Vs** സ്റ്റേറ്റ് ഓഫ് കേരള കേസിന്മേലുള്ള **04/03/2025** ലെ സുപ്രീം കോടതി വിധിന്യായം മറ്റ് സമാന മാനേജുമെന്റുകളിലും ബാധകമാക്കാൻ പറ്റില്ലെന്നും സർക്കാർ വ്യക്തമാക്കിയിട്ടുള്ളതിനാൽ ടി വിഷയത്തിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നതാണ് ഉചിതമെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

**7.**നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു.

**8.**മാനേജർ ഒരു ഫുൾടൈം ഹിന്ദി തസ്തിക ഭിന്നശേഷി സംവരണത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് വിട്ടുനൽകിയിട്ടുണ്ടെന്നും എന്നാൽ നാളിതുവരെ പ്രസ്തുത ഒഴിവിൽ ഭിന്നശേഷി ഉദ്യോഗാർത്ഥിയുടെ നിയമനം നടന്നിട്ടില്ലെന്നും ഈ ഒഴിവ് ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും പ്രസ്തുത ഒഴിവിൽ നാളിതുവരെ മാനേജർ സ്ഥിരനിയമനം നടത്തിയിട്ടില്ലെന്നും

വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭിന്നശേഷി നിയമനത്തിനായി തസ്തികകൾ മാനേജർ മാറ്റിവെച്ചിട്ടുള്ള സാഹചര്യത്തിൽ മാനേജർ നടത്തിയ മറ്റു നിയമനങ്ങൾ അംഗീകരിക്കുന്നതിന് സർക്കാർ ഉത്തരവായ സാഹചര്യത്തിൽ ഹർജിക്കാരിയുടെ എൽ.ജി ഹിന്ദി ടീച്ചർ തസ്തികയിലെ നിയമനം, നിയമന തീയതി മുതൽ റഗുലർ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് വേങ്ങര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നാണ് ഹർജിക്കാരിയുടെ വാദം.

**9.Ext.P12, Ext.P13** എന്നിവയുടെ അടിസ്ഥാനത്തിൽ **Ext.P14** റിവിഷൻ ഹർജി പരിശോധിക്കണമെന്ന് ബഹു.ഹൈക്കോടതി നിർദേശിച്ചിട്ടുണ്ട്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട **SLP(C) No. 11373/2024** - നായർ സർവീസ് സൊസൈറ്റി **Vs** സ്റ്റേറ്റ് ഓഫ് കേരള കേസിന്മേലുള്ള **04.03.2025** ലെ സുപ്രീം കോടതി വിധിന്യായത്തിന്റെ **(Ext P12)** അടിസ്ഥാനത്തിൽ പരാമർശം **(3)** പ്രകാരം പുറപ്പെടുവിച്ച ഉത്തരവാണ് **Ext P13.** ആയത് പ്രസ്തുത മാനേജ്മെന്റിന് മാത്രമാണ് ബാധകം. മറ്റ് സമാന മാനേജ്മെന്റുകളിൽ ബാധകമാക്കാൻ വിധിന്യായത്തിൽ ബഹു.കോടതി പരാമർശിച്ചിട്ടില്ല.

**10.**പരാമർശം **(7)** ഉത്തരവ് പ്രകാരം എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള സർക്കാർ നിർദേശങ്ങൾ പ്രകാരം ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവെച്ചിട്ടുള്ള മാനേജ്മെന്റുകളിൽ, ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് താത്കാലികമായി (പ്രൊവിഷണലായി ശമ്പള സ്കെയിലിൽ/ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ അന്തിമ വിധിയ്ക്കു വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശമ്പള സ്കെയിലിൽ ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**11.**മേൽ സാഹചര്യത്തിൽ, പരാമർശം **(7)**-ലെ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ അറയ്ക്കൽ എം.എ.എം. യു.പി. സ്കൂളിലെ ഫുൾടൈം ഹിന്ദി അദ്ധ്യാപികയായ ശ്രീമതി.ശ്വേത റ്റി യുടെ നിയമനം സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ബഹു.ഹൈക്കോടതിയുടെ പരാമർശം **(4)** ലെ വിധിന്യായം പാലിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സവിത എം വി**

**അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വേങ്ങര
മാനേജർ, എം.എ.എം. യു.പി. സ്കൂൾ, അറയ്ക്കൽ, മലപ്പുറം - **676 578**
ശ്രീമതി.ശ്വേത ടി, ഫുൾടൈം ഹിന്ദി ടീച്ചർ, എം.എ.എം. യു.പി. സ്കൂൾ, അറയ്ക്കൽ, മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 04-07-2026 12:36:57